പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3546** — 15/03/2018 ൽ മറുപടിക്ക്

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് ഉണ്ടായിരുന്ന ബാധ്യതകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;ഇത്തരം ബാധ്യതകൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലവധി കഴിയുന്ന 2016 മെയ് മാസം വരെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ട്സ് മരവിപ്പിച്ചതിനെത്തുടർന്ന് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർക്കാൻ, ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക, സർവ്വീസിൽ നിന്ന് പിരിഞ്ഞ് പോയ ജീവനക്കാർക്ക് നൽകാനുള്ള ഗ്രാറ്റുവിറ്റി തുക, VAT, എക്സൈസ് ഡ്യൂട്ടി, എംപ്ലോയിസ് സൊസൈറ്റി കുടിശ്ശിക തുടങ്ങിയ ഇനത്തിൽ, സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുത്ത് തീർക്കാനുള്ളത് എന്നീ ഇനങ്ങളിലായി 14.11 കോടി രൂപയുടെ ബാധ്യതയുണ്ടായിരുന്നു. കൂടാതെ വർക്കിങ് കാപിറ്റൽ ലോൺ, ഐ.ഡി.എഫ് ലോൺ എന്നീയിനങ്ങളിൽ കാലകാലങ്ങളായി ആകെ 28.96 കോടി രൂപ സംസ്ഥാന സർക്കാരിന് തിരിച്ച് നൽകാനുമുണ്ട്. കെ.എ.എൽ ഉല്പന്നമായ ആട്ടോറിക്ഷ വിപണിക്ക് സ്വീകാര്യമായ രീതിയിൽ ആധുനികവത്ക്കരിച്ച് നിർമ്മിക്കാൻ കഴിയാത്തതുമൂലം ഏതാനും വർഷങ്ങളായി സ്ഥാപനം വിപണന രംഗത്ത് പ്രതിസന്ധി നേരിട്ടു വരികയായിരുന്നു. കൂടാതെ 2017 ഏപ്രിൽ 1 മുതൽ കേന്ദ്ര സർക്കാർ BS IV Norms പ്രകാരമുള്ള കർശന നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരുത്തുന്ന സാഹചര്യത്തിൽ ഉല്പാദനം തുടരാൻ കഴിയാത്ത അവസ്ഥയുണ്ടായി. ഇത് മറികടക്കാൻ സ്വീകരിച്ച പല പദ്ധതികളും പ്രതീക്ഷയ്ക്കൊത്ത് വിജയം കണ്ടില്ല. ഇക്കാരണങ്ങളാൽ കമ്പനിയുടെ പ്രവർത്തനം മന്ദീഭവിക്കുകയും സാമ്പത്തിക ബാധ്യത അധികരിക്കുകയും ചെയ്തു. |
| (ബി) പ്രസ്തുത സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) നിലവിലുള്ള സർക്കാർ അധികാരമേറ്റ ശേഷം കേരള ആട്ടോമൊബൈൽസിന്റെ പുനരുദ്ധാരണത്തിനായി ഐ.എസ്.ആർ.ഒ യിൽ നിന്ന് വർക്കുകൾ അധികമായി സമാഹരിക്കുന്നതിന് വേണ്ടിയുള്ള മെഷിനറികൾ സ്ഥാപിക്കുന്നതിനായി 26/02/2018 ലെ സ.ഉ (സാധാ) നം. 205/2018/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ആട്ടോറിക്ഷകൾ നിർമ്മിക്കാനുള്ള പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിലേക്കുള്ള സംസ്ഥാന ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ